"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മുതുകുളം ഗ്രാമപഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും എന്നാൽ പദ്ധതിയുടെ നടപടിക്രമങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതുമായ 6 പ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികൾക്കായി ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ ദേശീയ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.2290/2021/LSGD തീയതി,തിരുവനന്തപുരം, 17/11/2021

---

പരാമർശം:-

1. WP(C) നം. 28891/2019-ന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ 17.12.2019-ലെ ഉത്തരവ്
2. WA No.1007/2021-ന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ 12.08.2021-ലെ ഉത്തരവ്
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 25.09.2021-ലെ 2062/ജി/2019എം.ജി.എൻ.ആർ.ഇ.ജി.എസ് നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മുതുകുളം ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട 6 പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് ശ്രീ.ഗോപാലകൃഷ്ണപിള്ള, ഉത്രാടം, മുതുകുളം കരാർ എടുക്കുകയുണ്ടായി. പ്രവൃത്തികളുടെ വിശദാംശം ചുവടെ പറയുന്നു.

| Sl. No. | Work Code & Work Name | Work Status as per MIS | Estimate Amount (Lakh) | Material Paid Amount | Muster roll | | Value of Material supplied and recorded in the M. Book (Lakh) |
|---|---|---|---|---|---|---|---|
| | | | | | Numbers | Amount (Lakh) | |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 1611009007/RC/69114 Valiyatharayil - Thayyil tharayil Jn. Nadappatha Concreting (Bhagam 1) | Approved | 4.2947353 | 0 | 0 | 0 | 2.60831 |
| 2 | 1611009007/RC/71303 Valiyatharayil Thayilthara Jnct. - Nadappatha Concreting (Bhagam 2) | Approved | 4.1217998 | 0 | 0 | 0 | 2.6198 |
| 3 | 1611009007/RC/69121 Entekada - Kalappurakkal Nadappatha Concreting | Approved | 1.950754 | 0 | 0 | 0 | 1.28058 |
| 4 | 1611009007/RC/69106 Puthankulangara Aswathibhavanam Nadappatha Concreting | Approved | 3.4887487 | 0 | 0 | 0 | 2.28119 |
| 5 | 1611009007/RC/69122 Mozhoor-Raja Bhavanam Nadappatha Concreting | Ongoing | 2.4661379 | 0 | 2677, 2688 | 0.0442 | 1.74045 |
| 6 | 1611009007/RC/69127 Thazhayaesseril - Koonanchira Nadappatha Concreting | Ongoing | 3.0620995 | 0 | 5966, 5967 | 0.0386 | 1.78612 |

2. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും സപ്ലൈ ഓർഡർ നൽകുകയോ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ സാധന സാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയോ ഉണ്ടായില്ല. ക്രമ നം.5, 6 പ്രവൃത്തികൾക്ക് മാത്രമാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ തൊഴിലിനുള്ള മസ്റ്റർ റോൾ ഇഷ്യൂ ചെയ്തത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾക്ക് പകരം നാമമാത്രമായ തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. അതേ സമയം പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കപ്പെടുകയുണ്ടായി. സാധനങ്ങൾ സപ്ലൈ ചെയ്യേണ്ട വെണ്ടറെ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇടനിലക്കാരൻ ആക്കി പ്രവൃത്തി പൂർത്തീകരിച്ചതായി ഇതിൽ നിന്നും അനുമാനിക്കുന്നു. ഇപ്രകാരമുള്ള ക്രമക്കേടുകൾ സംബന്ധിച്ച പരാതി ഉണ്ടായതിനെത്തുടർന്ന്

ശ്രീ.ഗോപാലകൃഷ്ണ പിള്ളയ്ക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ നൽകേണ്ട തുക അനുവദിക്കാതിരിക്കുകയും തുടർന്ന് ടിയാൻ ബഹു.കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് മുൻപാകെ WP(C)നം. 28891/2019 റിട്ട് ഹർജി സമർപ്പിക്കുകയുമുണ്ടായി. ടി റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) വിധിയിൽ പ്രസ്തുത പ്രവൃത്തികളിൽ പരാതിക്കാരന് ലഭിക്കേണ്ട തുക എത്രയും പെട്ടെന്ന് അനുവദിച്ച് നൽകുവാൻ ഉത്തരവാകുകയുണ്ടായി. ഇതിനെതിരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ റിട്ട് അപ്പീലിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിൽ പരാമർശം (1) സിംഗിൾബെഞ്ച് ഉത്തരവ് നിലനിൽക്കുന്നതായും ഒരു മാസകാലയളവിനുള്ളിൽ പരാതിക്കാരന് അർഹമായ തുക നൽകണമെന്നും നിർദേശിക്കുകയുണ്ടായി.

3. ഇക്കാര്യത്തിൽ ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന വസ്തുതകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ ചെലവുകളും NIC യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള MIS വഴി ഓൺലൈൻ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്. ക്രമനമ്പർ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മസ്റ്റർ റോളുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടുള്ളതല്ല. ഏതു പ്രവൃത്തിയിലും അവിദഗ്ധ കായികതൊഴിലിന് മസ്റ്റർ-റോൾ ഇഷ്യൂ ചെയ്തിട്ട് മാത്രമേ സാധന സാമഗ്രികളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി FTO പ്രോസസ്സ് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടി പ്രവൃത്തികൾക്കായി സാധനസാമഗ്രികളുടെ ഇനത്തിൽ ചെലവായ തുകയുടെ ബില്ലുകൾ പ്രോസസ് ചെയ്യാനോ തൊഴിലുറപ്പ് ഫണ്ടിൽ നിന്നും തുക നൽകുവാനോ സാധിക്കുകയില്ല. കൂടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾക്കുള്ള മസ്റ്റർ റോളുകൾ ഇഷ്യൂ ചെയ്യാതെയാണ് മറ്റു രണ്ടു പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ബഹു.ഹൈക്കോടതി ഉത്തരവ് പാലിക്കേണ്ട സാഹചര്യം കണക്കിലെടുത്ത് ഒന്ന് മുതൽ നാല് വരെ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾക്കായി നൽകേണ്ട തുകയായ 8,78,988/- രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മറ്റു രണ്ടു പ്രവൃത്തികളുടെ സാധനസാമഗ്രി ഇനത്തിൽ നൽകേണ്ട 3,52,657 രൂപ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽനിന്ന് നൽകുന്നതിനും സർക്കാർ അനുമതി നൽകണമെന്നും മിഷൻ ഡയറക്ടർ ശിപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ മുതുകുളം ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള 6 പ്രവൃത്തികൾ ബന്ധപ്പെട്ട ത.സ്വ.ഭ.വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികൾക്കായി യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുക മാത്രം, പട്ടികയിലെ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 5, 6 പ്രവൃത്തികൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും വിതരണം ചെയ്യാൻ അനുമതി നൽകി ഉത്തരവാകുന്നു.

5. മേൽ വിഷയത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകളെ സംബന്ധിച്ച റിപ്പോർട്ട്, ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ സഹിതം പഞ്ചായത്ത് ഡയറക്ടറും തൊഴിലുറപ്പ് മിഷൻ ഡയറക്ടറും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, മുളകുളം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഡവ.-3./124/21-ധന തീയതി 25.10.21)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 17-11-2021 10:52:42
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്